ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ മാത്രമേ 10,000 രൂപ വീതം സംഭാവന നല്കുവാൻ ഉത്തരവ് നല്കിയിട്ടുള്ളു.

(സി) 5,000 രൂപ വീതം നൽകിക്കൊണ്ട് സംഘത്തിൽ അംഗങ്ങളായി ചേരുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മേൽപ്പറഞ്ഞ ഫണ്ട് വിനിയോഗങ്ങളെല്ലാം ഗവൺമെൻറ് ഉത്തരവ് അനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

പഞ്ചായത്തുകൾക്ക് 1986-87-ൽ അനുവദിച്ച ഗ്രാൻറ്

1569. [2337] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഏതെങ്കിലും ഗ്രാൻറുകൾ വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഗ്രാൻറ് ലഭിച്ച പഞ്ചായത്തുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാൻറ് അനുവദിച്ചതിൻെറ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. † പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി വരുന്നു.

പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറ്

1570. [2338] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1985-86, 1986-87 എന്നീ വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

1985-86-ൽ നൽകിയ സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. ‡

1986-87-ൽ സ്പെഷ്യൽ ഗ്രാൻറ് ഇതുവരെ നല്കിയിട്ടില്ല.

കരകുളം പഞ്ചായത്തിന് 1985-86-ൽ അനുവദിച്ച മൊത്തം ഗ്രാൻറ്

1571. [2339] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) നെടുമങ്ങാട് മണ്ഡലത്തിലെ കരകുളം പഞ്ചായത്തിന് 1985-86 സാമ്പത്തിക വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച മൊത്തം ഗ്രാൻറ് എത്ര ;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര രൂപ വീതം ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം VI

‡ അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പെഷ്യൽ ഗ്രാൻറിനത്തിൽ 24,000 രൂപയും മൈനർ ഇറിഗേഷൻ ഗ്രാൻറിനത്തിൽ 3,265 രൂപ 70 പൈസയും ബേസിക് ടാക്സ് ഗ്രാൻറിനത്തിൽ 27,822 രൂപയും 1985-86-ൽ കരകുളം പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.

(ബി) 1985-86-ൽ അനുവദിച്ച ഗ്രാൻറുകളുടെ വിനിയോഗ കാലാവധി 1987-88 വരെയാണ് ആ കാലയളവിനകം ഗ്രാൻറ് വിനിയോഗിച്ച് തീർത്താൽ മതി. എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ശേഖരിച്ചു വരുന്നു

പഞ്ചായത്തു ജീവനക്കാർക്ക് ഗ്രേഡ്

1572. [2340] ശ്രീ. വി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും 1983 മുതൽ അനുവദിച്ച ശമ്പള പരിഷ്ക്കരണത്തിലെ ഗ്രേഡും മറ്റ് ആനുകൂല്യങ്ങളും പഞ്ചായത്ത് ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) പ്രസ്തുത പരിഷ്ക്കരണത്തിലെ ഗ്രേഡ്, പഞ്ചായത്ത് ജീവനക്കാർക്കും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, സി,) 1983-ലെ ശമ്പള പരിഷ്ക്കരണത്തിൽ അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും മേൽ ഉത്തരവിലെ 42-ാം ഖണ്ഡിക അനുസരിച്ച് പഞ്ചായത്തു ജീവനക്കാർക്ക് ബാധകമാണ്. എന്നാൽ ഗ്രേഡ് അനുവദിക്കുന്നതിന് സർക്കാർ സർവ്വീസിനനുകൂലമായി പഞ്ചായത്ത് കോമേഴ്സിൽ ഇല്ലാത്ത തസ്തികകളുടെ എണ്ണം പ്രത്യേകം പരിശോധിച്ച് വരുന്നു.

പഞ്ചായത്ത് വകുപ്പിലെ താലൂക്ക് പഞ്ചായത്ത് ആഫീസർ/സീനിയർ സൂപ്രണ്ട് തസ്തികകൾ

1573. [2341] ശ്രീ. സി കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തു വകുപ്പിൽ എത്ര താലൂക്ക് പഞ്ചായത്ത് ആഫീസർ/സീനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിൽ എസ്. സി. എസ്. റ്റി. യ്ക്ക് ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പി. എസ്. സി. യുടെ നിലവിലുള്ള പ്രസ്തുത തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും വേണ്ടത്ര ആളുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താലൂക്ക് പഞ്ചായത്ത് ആഫീസർ/ സീനിയർ സൂപ്രണ്ട്

	61
	10
ആകെ	71

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly